# ജി.എച്ച്.എസ്.എസ്. നെടുങ്ങോം



2024

# CYBER DREAMS

# വിദ്യാലയ ചരിത്രം

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം നഗരസഭയിലെ നെടുങ്ങോം പ്രദേശത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് നെടുങ്ങോം ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ. കണ്ണൂർ പട്ടണത്തിൽ നിന്നും വടക്ക്-കിഴക്ക് മാറി തീർത്തും ഗ്രാമപ്രദേശത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്.നെടുങ്ങോം, എള്ളരിഞ്ഞി, കാവുമ്പായി ,മാപ്പിനി, ഐച്ചേരി ,കുട്ടുമുഖം, കാഞ്ഞിലേരി ,ചെരിക്കോട് ഏരുവേശ്ശി തുടങ്ങിയ പ്രദേശങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൻ്റെ ഗുണഭോക്താക്കൾ.

1957 ഏകാധ്യാപക വിദ്യാലയമായി എസ് പി രാമൻകുട്ടി മാസ്റ്ററുടെ കീഴിൽ 13 വിദ്യാർത്ഥികളുമായി പഠന പ്രവർത്തനം കുറിക്കുന്നത്. യശശ്ശരീരനായ എച്ച് കുഞ്ഞിരാമൻ നമ്പ്യാരുടെ വീട്ടുവരാന്തയായിരുന്നു ആദ്യ വിദ്യാലയം .പിന്നീട് എടവൻ പരിപ്പങ്ങലത്ത്കുഞ്ഞിരാമൻ നമ്പ്യാരുടെ കളപ്പുരയിലേക്ക് മാറി. പുതിയവീട്ടിൽ കൃഷ്ണൻ എന്ന മനുഷ്യസ്നേഹി ദാനം ചെയ്ത 82 സെൻറ് സ്ഥലത്താണ് സ്കൂളിൻറെ ആദ്യകാല കെട്ടിടങ്ങൾ നിർമ്മിച്ചത് .പിന്നീട് സ്കൂളിന് വേണ്ടി  രണ്ടര ഏക്കർ ഓളം സ്ഥലം സംഭാവന നൽകിയത് പാറയിൽ നാരായണ മാരാർ-നാരായണിയമ്മ ദമ്പതികളാണ് .

1974 ൽ പ്രൈമറിയായും 1981ൽ ഹൈസ്കൂളായും വിദ്യാലയം ഉയർത്തപ്പെട്ടു. 2007 ലാണ് ഹയർ സെക്കൻഡറി ആരംഭിച്ചത്.HSS വിഭാഗത്തിൽ394 കുട്ടികളും ഹൈസ്കൂൾ -പ്രൈമറിവിഭാഗത്തിൽ 478 കുട്ടികളും പ്രീ പ്രൈമറി വിഭാഗത്തിൽ 20 കുട്ടികളും ഉൾപ്പെടെ ആകെ 892ഓളം കുട്ടികൾ പഠിക്കുന്ന മികച്ച ഒരു വിദ്യാലയമായി നെടുങ്ങോം



Digital Painting
Afnan.K

# ലോകത്തിലെ മനുഷ്യർ

മനുഷ്യർ മനുഷ്യർ ...മനുഷ്യർ
ലോകം മുഴുവനും നശിച്ചുവല്ലോ
ലോകം മുഴുവനും നശിച്ചു!
ലോകത്തിലെ മനുഷ്യർ തന്നെ
ലോകം നശിപ്പിച്ചുവല്ലോ!
കടലിൻ്റെ മണലെല്ലാം വാരിയെടുത്തു. മനുഷ്യർ!
മലകളെല്ലാം ഇടിച്ചു വീഴ്ത്തി
വയലുകളെല്ലാം മണ്ണിട്ടു മൂടി!
ചെടികളും മരങ്ങളും മുറിച്ചുമാറ്റി -
എല്ലാം ഫ്ലാറ്റുകളാക്കി!
ക്രൂരനായ
മനുഷ്യരെല്ലാം ലോകം അടിച്ചുവീഴ്ത്തി.
മനുഷ്യരെല്ലാം ക്രൂരന്മാർ ഇപ്പോൾ കൊള്ള-
ക്കടത്തുമെല്ലാം വന്നുചേർന്നുവല്ലോ പിഞ്ചു -
കുഞ്ഞുങ്ങളെ എല്ലാം തട്ടിയെടുത്തുവല്ലോ
വയലുകൾ നിരത്തി മനുഷ്യരെല്ലാം കെട്ടിടങ്ങൾ
ഉണ്ടാക്കി ! ഇപ്പോഴൊരു വൃക്ഷവുമില്ല- നമ്മുടെ സ്വന്തം
ലോകത്തിൽ ! ഇതെല്ലാം
സഹിക്കാൻ കഴിയുന്നില്ല നമ്മുടെ സ്വന്തം ലോകത്തിന്!
മനുഷ്യർ... മനുഷ്യർ ....മനുഷ്യർ
മനുഷ്യർ...ക്രൂരനായ മനുഷ്യർ



ദിവ്യശ്രീ എം

# കരിപുരണ്ട ജീവിതം

അടുക്കളയിൽ അടിച്ചമർത്ത-
പ്പെടുന്ന പെൺകൊടിയുടെ
ജീവിതം, കരിപുരണ്ട
പുകപുരണ്ട നശ്വരമാം ജീവിതം
പ്രാർത്ഥനാനാളവുമായി അവൾ
നിന്നു നരകത്തിൽ
നിന്ന് രക്ഷനേടാൻ
ശാശ്വതമല്ലയൊന്നു ശാശ്വതമല്ല,
പറക്കാൻ ഏറെ ആഗ്രഹി-
ക്കുന്നവൾ, കൂടുവിട്ട്
പറന്നകലാൻ  ഏറെ മോഹി-
ക്കുന്നവൾ, സർവ്വം സഹ-
യാണവൾ  ,സർവ്വം സഹിക്കുന്നവൾ
മരണമാണ് ഏക മുക്തിയീ
ദുരവസ്ഥയിൽ നിന്നേകമുക്തീ
ജീവിതത്തിലെ താളപ്പിഴകൾ
അവളെ കൊല്ലുന്നിഞ്ചിഞ്ചായി
എന്ത് പാപം ചെയ്തവൾ
എന്ത് ചെയ്തു, എന്തിനീ
ക്രൂരത, എന്തിന് ?
ഇനിയെങ്കിലും ഇതൊന്നു
അവസാനിപ്പിച്ചോട്ടെ ....
ഒന്ന്  അവസാനിപ്പിച്ചോട്ടെ....



തന്മയ് പി വി

# പ്രണയം

നിന്നെ ഞാൻ കണ്ടന്നു മുതലേ
നെഞ്ചിലെൻ തീയായ് വളർന്നീടുന്നു
നിന്നുടെ പുഞ്ചിരി മായാതെ മായാതെ
എൻ മനസ്സിൽ നിന്ന് പിടയുന്നുവോ?
നീയൊരു ദേവത നീയൊരു മാലാഖ
നിന്നെ കാണാൻ എന്ത് ഭംഗി?
നിന്നുടെ കാല്പാദം മായാതെ മായാതെ
എൻ മനസ്സിൽ നിന്ന് പിടയുന്നുവോ?

ശ്രീനന്ദ് എം
ഗംഗാധരൻ




Digital Painting
Dino Jomon